"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - വയനാട് വൈത്തിരി ഗ്രാമപഞ്ചായത്തിൽ റീ സർവ്വേ നമ്പർ 69/15, 16, 17-ൽപ്പെട്ട ഭൂമിയിൽ കെട്ടിടനിർമ്മാണാനുമതി നൽകിയതുമായി ബന്ധപ്പെട്ട ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)-ന്റെ റിപ്പോർട്ട് - റിട്ട. അസിസ്റ്റന്റ് എൻജിനീയർ ശ്രീ. അബ്ദുൾ നാസറിനെതിരെ സ്വീകരിച്ചുവരുന്ന അച്ചടക്കനടപടി - കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം III ചട്ടം 59(d) പ്രകാരമുള്ള ഔപചാരിക അന്വേഷണം - അന്വേഷണ ഉദ്യോഗസ്ഥയെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യൂ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1345/2026/LSGD തീയതി,തിരുവനന്തപുരം, 24-07-2026

---

പരാമർശം:-

1. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)-ന്റെ 15.12.2020-ലെ CTPVIG 153/2020 നമ്പർ റിപ്പോർട്ട്
2. 17.08.2022-ലെ EWA2/9/2021-LSGD നമ്പർ കാരണം കാണിക്കൽ നോട്ടീസ്
3. റിട്ട. അസിസ്റ്റന്റ് എൻജിനീയർ ശ്രീ. അബ്ദുൾ നാസർ റ്റി. 07.10.2024 തീയതിയായി സമർപ്പിച്ച മറുപടി

**ഉത്തരവ്**

വയനാട് വൈത്തിരി ഗ്രാമപഞ്ചായത്തിൽ ശ്രീ. നടുത്തൊടി മുഹമ്മദ്കുട്ടി എന്നയാൾക്ക് റീ സർവ്വേ നമ്പർ 69/15, 16, 17-ൽപ്പെട്ട ഭൂമിയിൽ കെട്ടിടനിർമ്മാണാനുമതി നൽകിയത് സംബന്ധിച്ച ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)-ന്റെ പരാമർശം 1 റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ക്രമക്കേടുകൾക്ക് ഉത്തരവാദിയായ റിട്ട. അസിസ്റ്റന്റ് എൻജിനീയർ ശ്രീ. അബ്ദുൾ നാസർ റ്റി. (PEN-383186)-ക്കെതിരെ കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം III ചട്ടം 59(ഡി) പ്രകാരം പരാമർശം 2 കാരണം കാണിക്കൽ നോട്ടീസ് നൽകി. കുറ്റങ്ങൾ നിഷേധിച്ചുകൊണ്ട് കുറ്റാരോപിതൻ പരാമർശം 3 പ്രകാരം മറുപടി സമർപ്പിച്ചിട്ടുണ്ട്.

**2.** റിട്ട. അസിസ്റ്റന്റ് എൻജിനീയർ ശ്രീ. അബ്ദുൾ നാസർ റ്റി.(PEN-383186)-ക്കെതിരെ കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം III ചട്ടം 59(ഡി) പ്രകാരം സ്വീകരിച്ചുവരുന്ന അച്ചടക്കനടപടിയിലെ നടപടിക്രമങ്ങളുടെ ഭാഗമായി, ഈ വിഷയത്തിൽ ഒരു ഔപചാരിക അന്വേഷണം നടത്തുന്നതിനായി സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി കവിത കെ. (PEN-699662)-യെ അന്വേഷണ ഉദ്യോഗസ്ഥയായി നിയമിച്ച് ഉത്തരവാകുന്നു.

3. **1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ, Manual of Disciplinary Proceedings എന്നിവയിൽ അനുശാസിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് കുറ്റപത്രം / കുറ്റാരോപണപത്രികയിൽ ആരോപിച്ചിട്ടുള്ള കുറ്റവുമായി ബന്ധപ്പെട്ട കണ്ടെത്തലുകളും അതിന് ആധാരമായ രേഖകളും വാദിഭാഗം, പ്രതിഭാഗം, സാക്ഷിമൊഴികൾ എന്നിവയെല്ലാം ഉൾപ്പെടുത്തിയുള്ള ഒരു ഔപചാരിക അന്വേഷണ റിപ്പോർട്ട് അന്വേഷണ ഉദ്യോഗസ്ഥ 45 ദിവസങ്ങൾക്കകം സമർപ്പിക്കേണ്ടതാണ്.**

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DIPUKUMAR S L
അണ്ടർ സെക്രട്ടറി

1. ശ്രീമതി കവിത കെ.(PEN-699662),
   അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,
   സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്ത്, വയനാട്
2. ശ്രീ. അബ്ദുൾ നാസർ റ്റി. (PEN-383186)
   റിട്ട. അസിസ്റ്റന്റ് എൻജിനീയർ
   **(1, 2 ത.സ്വ.ഭ.വ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)**
3. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം **(ഉത്തരവ് പ്രകാരമുള്ള അടിയന്തര നടപടികൾക്കായി)**
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), കേരള, കോഴിക്കോട്
5. സ്റ്റോക്ക് ഫയൽ (EWA2/9/2021-LSGD)

ഉത്തരവിൻ പ്രകാരം
Digitally signed by
Dileep D
Date: 24-07-2026
10:40:47
സെക്ഷൻ ഓഫീസർ